**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.710** **29.09.2016 -ൽ മറുപടിക്ക്**

**ബീമാപള്ളിയിലേക്ക് പാലം നിർമ്മിക്കാൻ നടപടി**

| **ചോദ്യം** | **ഉത്തരം** |
|---|---|
| **ശ്രീ.എൻ.എ.നെല്ലിക്കുന്ന്** | **ശ്രീ. ജി.സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി)** |
| (എ) കഴക്കൂട്ടം കോവളം ഹൈവേ ബൈപ്പാസ്സിൽ നിന്ന് ബീമാപള്ളി യിലേക്ക് പാലം നിർമ്മിക്കുന്ന നടപടി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; | (എ) ബീമാപള്ളി പരുത്തിക്കുഴിപാലം നിർമ്മിക്കുന്നതിന് 28.11.2008 ൽ 100 ലക്ഷം രൂപയുടെ ഭരണാനുമതിയും, ഭൂമി ഏറ്റെടുക്കുന്നതിന് 08.05.2008 ൽ 50 ലക്ഷം രൂപയുടെ ഭരണാനുമതിയും ലഭിച്ചിട്ടുണ്ട്. ഭരണാനുമതി ലഭിച്ചതിൻ പ്രകാരം ബന്ധപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയർ അതിർത്തി കല്ലുകൾ സ്ഥാപിക്കുന്നതിന് വേണ്ടി സ്ഥലത്ത് എത്തിയപ്പോൾ നാട്ടുകാർ തടഞ്ഞതിനെ തുടർന്ന് അതിർത്തി കല്ലുകൾ സ്ഥാപിക്കുവാൻ സാധിച്ചിട്ടില്ല. അതിനു ശേഷം തിരുവനന്തപുരം ജില്ലാ കളക്ടറേറ്റിൽ പല മീറ്റിങ്ങുകൾ കൂടിയെങ്കിലും ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ മുന്നോട്ടു കൊണ്ടു പോകുവാൻ സാധിച്ചില്ല. എന്നിരുന്നാലും പാലം പണിയുന്നതിനുള്ള പുതുക്കിയ റേറ്റിൽ എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിക്കുന്നതിന് തിരുവനന്തപുരം നിരത്തുകളും പാലങ്ങളും വിഭാഗം സൂപ്രണ്ടിംഗ് എഞ്ചിനീയറോട് ആവശ്യപ്പെട്ടിട്ടുണ്ട്. |
| (ബി) പാലം പണി അടിയന്തിരമായി ആരംഭിക്കുന്നതിനുള്ള നിർദ്ദേശം നല്കുമോ; വിശദാംശം വ്യക്തമാക്കുമോ ? | (ബി) പ്രസ്തുത പാലത്തിനും അപ്രോച്ച് റോഡിനും ആവശ്യമായ ഭൂമി ലഭ്യമായാലേ പാലം പണി ആരംഭിക്കുന്നതിനു വേണ്ടി നടപടികൾ സ്വീകരിക്കാൻ കഴിയുകയുള്ളൂ. |

**സെക്ഷൻ ഓഫീസർ**